# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.73

07/02/2013-ൽ മറുപടിയ്ക്ക്

## വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്രം അനുവദിച്ച പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. ഡോ. ടി.എം. തോമസ് ഐസക്ക്<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. പി.റ്റി. എ റഹീം | ശ്രീ. പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കുടിവെള്ളം, കൃഷി, ജലസേചനം തുടങ്ങിയ മേഖലകളിൽ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിന് ഏതൊക്കെ പദ്ധതികളാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | എ) കൃഷിക്കാവശ്യമുള്ള വരൾച്ചാ പ്രവർത്തനങ്ങൾക്കായി **1305.74 ലക്ഷം** രൂപയുടെ 453 **പണികൾ**ക്കായുള്ള നിർദ്ദേശങ്ങൾ കേന്ദ്രത്തിൽ റവന്യൂ വകുപ്പിലെ ഡിസാസ്റ്റർ മാനേജ്മെന്റ് വഴി ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും സമർപ്പിച്ചിട്ടുണ്ട്. നാളിതുവരെ തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.<br><br>കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 5 സെന്റോ അതിൽ കൂടുതലോ ഉള്ള ചിറകൾ/ കുളങ്ങൾ സംരക്ഷിച്ച് ജലസ്രോതസുകളുടെ ഉറവിടം സംരക്ഷിച്ചു ജലം സംഭരിക്കുക വഴി, ഭൂഗർഭ ജലനിരപ്പു നിലനിറുത്തുവാനും കുടി വെള്ളക്ഷാമം പരിഹരിച്ച് അധികജലം കൃഷിയ്ക്കായി മാറ്റി വയ്ക്കുവാനും അതുവഴി കാർഷികോതപാദനം വർദ്ധിപ്പിക്കുവാനും ഉദ്ദേശിച്ച്കൊണ്ട് കൃഷി വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയാണ് **'സഹസ്രസരോവർ' പദ്ധതി**.. കൃഷിവകുപ്പിന്റെ ഈ പദ്ധതി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 100 കുളങ്ങൾ നവീകരിക്കുന്നതിനുള്ള ചെലവ് 98.65 കോടി രൂപയാണ്. |

പദ്ധതി തുകയുടെ 40% NREGA പദ്ധതിവഴിയും ബാക്കി 60% RKVY, ജലവിഭവ വകുപ്പിന്റെ "Trippie R" പദ്ധതിയിലൂടെയും കണ്ടെത്താമെന്നാണ് കരുതുന്നത്. ഈ പദ്ധതിയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതിനായി കേന്ദ്രകൃഷിവകുപ്പ് മന്ത്രിയ്ക്ക് 18/09/2012-ൽ പദ്ധതിയുടെ രൂപരേഖ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ല.

ബി) കേന്ദ്രം ഏതൊക്കെ പദ്ധതികൾ അനുവദിച്ചു; അവയ്ക്കോരോന്നിനും എത്ര തുക വീതം ലഭ്യമാക്കിയെന്നറിയിക്കാമോ;

സി) തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് ജില്ലകൾക്കായി കഴിഞ്ഞ വർഷം എന്തു തുകയാണ് അനുവദിച്ചത്;

ഡി) അനുവദിച്ച ഫണ്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

**ബി) + സി) & ഡി) 13/09/2012**-ൽ കേരളത്തിലെ നാലു ജില്ലകളെ (തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട്) വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിക്കുകയും സംസ്ഥാനം കേന്ദ്രത്തിന് വരൾച്ച ദുരിതാശ്വാസത്തിനു വേണ്ട മെമ്മോറാണ്ടം റവന്യൂ വകുപ്പ് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത മെമ്മോറാണ്ടം സമർപ്പിച്ചിട്ടുള്ളത് സംസ്ഥാനം അഭിമുഖീകരിക്കുന്ന കടുത്ത വരൾച്ച നേരിടുന്നതിന് ആവശ്യമായ അധിക ഫണ്ട് കേന്ദ്ര സഹായമായി ലഭിക്കാൻ വേണ്ടിയാണ്. അതനുസരിച്ച് **1995 കോടി രൂപയുടെ** അധിക സാമ്പത്തിക സഹായം തേടിയിട്ടുണ്ട്. ഇത് കേന്ദ്ര പരിഗണനയിലാണ്. നിലവിൽ തുക അനുവദിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ